REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-08-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് വെള്ളി, വെങ്കലത്തിളക്കം. പുരുഷൻമാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് വെള്ളി. സ്പെയിനിനെ കീഴടക്കി പുരുഷ ഹോക്കി ടീമിന് വെങ്കലം.
- അഭിനന്ദിച്ച് രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും.
- വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തം വിതച്ച പ്രദേശങ്ങളിൽ ജനകീയ തിരച്ചിൽ അൽപ സമയത്തിനകം ആരംഭിക്കും. ദുരന്തമേഖല സന്ദർശിക്കാൻ കേന്ദ്രസംഘം ഇന്നെത്തും.
- രാജ്യത്ത് വീടുകളിൽ ദേശീയ പതാക ഉയർത്തി ഇന്ന് ഹർ ഘർ തിരംഗ ക്യാമ്പയിൻ ആരംഭിക്കും.
- ധനകാര്യ, ധനവിനിയോഗ ബില്ലുകൾ പാർലമെന്റ് പാസാക്കി.
- മലപ്പുറം ജില്ലയിൽ H1-N1 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത പാലിക്കാൻ നിർദ്ദേശം.

## വാർത്തകൾ വിശദമായി

**പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് വെള്ളി, വെങ്കലത്തിളക്കം. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര വെള്ളി നേടിയപ്പോൾ, പുരുഷ ഹോക്കിയിൽ ഇന്ത്യൻ ടീം വെങ്കലമണിഞ്ഞു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**....(വോയ്സ്)....**

തന്റെ സീസൺ ബെസ്റ്റ് ആയ 89.45 മീറ്റർ ദൂരമെറിഞ്ഞാണ് ഇന്ത്യയുടെ ട്രാക്ക് & ഫീൽഡ് അത്-ലറ്റ് നീരജ് ചോപ്ര വെള്ളിമെഡൽ നേടിയത്. പാരിസ് ഒളിമ്പിക്സിൽ ആദ്യമായി ഇന്ത്യയ്ക്കായി വെള്ളിമെഡൽ നേടി നീരജ് ചോപ്ര ചരിത്രം സൃഷ്ടിച്ചു. പാകിസ്ഥാന്റെ അർഷദ് നദീം 90.57 മീറ്ററെന്ന ഒളിമ്പിക് റെക്കോർഡ് ഭേദിച്ച് 92.97 മീറ്റർ ദൂരമെറിഞ്ഞ് ഈയിനത്തിൽ സ്വർണം സ്വന്തമാക്കി. 88.54 മീറ്റർ എറിഞ്ഞ ഗ്രനാഡയുടെ ആൻഡേഴ്സൺ പീറ്റേഴ്സിനാണ് വെങ്കലം.

സ്വാതന്ത്ര്യത്തിനുശേഷം ഒളിമ്പിക്സിൽ രണ്ട് മെഡലുകൾ നേടുന്ന ആദ്യ ഇന്ത്യൻ ഫീൽഡ് അത്-ലറ്റിക് താരമെന്ന നേട്ടവും നീരജ് ചോപ്ര സ്വന്തമാക്കി.

ആവേശകരമായ പോരാട്ടത്തിൽ സ്പെയിനിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് കീഴടക്കിയാണ് ഇന്ത്യൻ പുരുഷ ഹോക്കി ടീം വെങ്കലമെഡൽ കരസ്ഥമാക്കിയത്. ഒളിമ്പിക്സ് ഹോക്കിയിൽ തുടർച്ചയായ രണ്ടാം തവണയാണ് ഇന്ത്യ വെങ്കല നേട്ടം സ്വന്തമാക്കുന്നത്. ഇതോടെ പാരിസ് ഒളിമ്പിക്സ് ഇന്ത്യയുടെ മെഡൽ വേട്ട അഞ്ചായി. കളിയിൽ ഉടനീളം ഉജ്ജ്വല സേവുകൾ നടത്തിയ ഗോൾക്കീപ്പർ മലയാളി താരം പി ആർ ശ്രീജേഷിന്റെ മികവിലാണ് ഇന്ത്യ വീണ്ടും മെഡൽ കൊയ്തത്. ശ്രീജേഷിന്റെ വിരമിക്കൽ മത്സരം കൂടിയായിരുന്നു ഇത്.

ടോക്കിയോ ഒളിമ്പിക്സിൽ മെഡൽ നേടിയ ഇന്ത്യൻ ടീമിന്റെ ഗോൾ വല കാത്തതും ശ്രീജേഷായിരുന്നു. ഇതോടെ രണ്ട് തവണ ഒളിമ്പിക്സ് മെഡൽ നേടുന്ന ആദ്യ മലയാളിയായി ശ്രീജേഷ് മാറി. ഇന്ത്യക്കായി ക്യാപ്റ്റൻ ഹർമൻ പ്രീത് സിംഗാണ് രണ്ട് ഗോളുകൾ നേടിയത്. ഇന്ത്യയുടെ പതിമൂന്നാം ഒളിമ്പിക്സ് ഹോക്കി മെഡലാണിത്. 52 വർഷത്തിന് ശേഷമാണ് തുടർച്ചയായ രണ്ട് തവണ ഇന്ത്യ ഒളിമ്പിക്സ് ഹോക്കിയിൽ മെഡൽ നേടുന്നത്.

ടീമിലെ ഓരോ കളിക്കാരനും 15 ലക്ഷം രൂപയും സപ്പോർട്ട് സ്റ്റാഫിലെ ഓരോ അംഗത്തിനും 7.5 ലക്ഷം രൂപയും ഹോക്കി ഇന്ത്യ പ്രഖ്യാപിച്ചു.

ഇന്ത്യൻ ഗുസ്തി താരം അമൻ സെഹ്‌രാവത് പുരുഷന്മാരുടെ 57 കിലോഗ്രാം സെമിഫൈനലിൽ ജപ്പാന്റെ റെയ് ഹിഗുച്ചിയോട് പരാജയപെട്ടു. വെങ്കല മെഡലിനായി അമൻ ഇന്ന് മത്സരിക്കും. ഗുസ്തിക്ക് പുറമെ അത്‌ലറ്റിക്സ്, ഗോൾഫ് എന്നിവയിലും ഇന്ത്യൻ താരങ്ങൾ ഇന്ന് കളത്തിലിറങ്ങും. അത്‌ലറ്റിക്സിൽ, പുരുഷ-വനിതാ

4x400 മീറ്റർ റിലേ ടീമുകൾ, ഗോൾഫിൽ, അദിതി അശോക്, ദിക്ഷ ദാഗർ എന്നിവരും മത്സരിക്കുന്നുണ്ട്.

✪✪✪

നീരജ് ചോപ്രയെയും പുരുഷ ഹോക്കി ടീമിനെയും രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ അഭിനന്ദിച്ചു. ഹോക്കി ടീമിന്റെ വിജയം ഇന്ത്യയെ അഭിമാനത്തിന്റെ കൊടുമുടിയിലെത്തിച്ചതായി രാഷ്ട്രപതി പറഞ്ഞു.

തലമുറകൾ ഓർക്കുന്ന വിജയമായിരിക്കും ഇത്തവണത്തേതെന്നും യുവാക്കൾക്കിടയിൽ ഹോക്കിയുടെ പ്രചാരം വർധിപ്പിക്കാൻ ഈ നേട്ടത്തിന് സാധിക്കുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ അൽപ്പസമയത്തിനകം ആരംഭിക്കും. 11 മണി വരെയാണ് തിരച്ചിൽ നടത്തുന്നത്. ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്നവരിൽ 190 പേർ തിരച്ചലിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനപ്രതിനിധികൾ, NDRF, പോലിസ്, ഫയർഫോഴ്സ്, റവന്യൂ സംഘത്തിനൊപ്പം ഇവരും തെരച്ചലിൽ പങ്കെടുക്കുന്നുണ്ട്.

വൈകിട്ട് വരെ തെരച്ചിൽ നടത്താനായിരുന്നു നേരത്തേ തീരുമാനിച്ചിരുന്നതെങ്കിലും പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കാരണമാണ് 11 മണിക്ക് അവസാനിപ്പിക്കുന്നത്. ആവശ്യമെങ്കിൽ മറ്റൊരു ദിവസം ജനകീയ തെരച്ചിൽ തുടരുമെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. ദുരന്തത്തിൽ കാണാതായവരുടെ പട്ടികയിലുൾപ്പെട്ട 131 പേരിൽ കൂടുതലും പുഞ്ചിരിമട്ടം, മുണ്ടക്കൈ, സ്കൂൾ റോഡ് ഭാഗങ്ങളിൽ നിന്നുള്ളവരാണെന്നും മന്ത്രി പറഞ്ഞു.

നിലവിൽ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റും കഴിയുന്നവരുടെ അടിയന്തര പുനരധിവാസത്തിനായി 27 PWD ക്വാർട്ടേഴ്സുകളും മറ്റ് ഗവൺമെന്റ് വകുപ്പുകളുടെ ക്വാർട്ടേഴ്സുകളും സ്വകാര്യ വ്യക്തികളുടെ വീടുകളും ഉൾപ്പെടെ നൂറോളം കെട്ടിടങ്ങൾ സജ്ജമായിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു.

✪✪✪

നിലമ്പൂർ ഭാഗത്ത് ചാലിയാർ പുഴയിൽ നിന്ന് ഇന്നലെ തിരച്ചിലിൽ ഒരു മൃതദേഹം കൂടി കണ്ടെടുത്തതോടെ വയനാട് ഉരുൾപൊട്ടലിലെ ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ 226 ആയി. ചാലിയാറിൽ നിന്നും ഒരു ശരീരഭാഗവും ഇന്നലെ തെരച്ചലിൽ ലഭിച്ചു. ഇതുവരെ കണ്ടെത്തിയ ശരീര ഭാഗങ്ങളുടെ എണ്ണം 196 ആയി. ഒരു മൃതദേഹവും ആറ് ശരീര ഭാഗവും ഇന്നലെ സംസ്ക്കരിച്ചു.

✪✪✪

ഉരുൾ പൊട്ടൽ ദുരന്ത മേഖല സന്ദർശിക്കാൻ കേന്ദ്ര സംഘം ഇന്ന് വയനാട്ടിലെത്തും. കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയും ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീം ലീഡറുമായ രാജീവ് കുമാറിന്റെ നേതൃത്വത്തിൽ സംഘമാണ് വയനാട് സന്ദർശിക്കുന്നത്.

ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്ന സംഘം വൈകീട്ട് SKMJ സ്കൂളിൽ സംസ്ഥാന ഗവൺമെന്റ് പ്രതിനിധികളുമായി ചർച്ച നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിത പ്രദേശം സന്ദർശിക്കുന്നതിന്റെ ഭാഗമായി നാളെ രാവിലെ 10 മുതൽ വയനാട് ജില്ലയിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. കൽപ്പറ്റ, മേപ്പാടി ടൗണുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല. ഇവിടേക്ക് ആംബുലൻസ് ഉൾപ്പെടെ അത്യാവശ്യ വാഹനങ്ങൾ മാത്രമാണ് കയറ്റിവിടുക.

✪✪✪

ഉരുൾപൊട്ടൽ മേഖലയിലെ ജനങ്ങൾക്കായി ഇന്ന് മുതൽ സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തും. നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിനാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പ്രത്യേക സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തുന്നത്.

✪✪✪

വയനാട്ടിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഓണാഘോഷ പരിപാടികളും ചാമ്പ്യൻസ് ബോട്ട് ലീഗും ഒഴിവാക്കിയതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു.

സമാനതകളില്ലാത്ത ദുരന്തമാണ് വയനാട്ടിൽ അനുഭവിച്ചു കൊണ്ടിരിക്കുന്നതെന്നും നൂറുകണക്കിന് പേർക്ക് ജീവൻ നഷ്ടമായ സാഹചര്യത്തിലാണ് ആഘോഷങ്ങൾ ഒഴിവാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

അടുത്ത മന്ത്രിസഭാ യോഗം വിലങ്ങാട് പാക്കേജ് ചർച്ച ചെയ്യുമെന്ന് മന്ത്രി K.രാജൻ പറഞ്ഞു. ഉരുൾപൊട്ടൽ ബാധിത മേഖലകൾ സന്ദർശിച്ചശേഷം ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഉരുൾപൊട്ടലിനെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താൻ നാലംഗസംഘം അടുത്താഴ്ച്ച വിലങ്ങാടെത്തുമെന്നും മന്ത്രി പറഞ്ഞു. സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചശേഷം തകർച്ച നേരിട്ട സ്ഥലങ്ങളിൽ തുടർ താമസം സാധ്യമാകുമോ എന്നത് പരിശോധിക്കും. അതിനു മുൻപ് പ്രദേശത്ത് ഡ്രോൺ സർവ്വേ നടത്തുമെന്നും രാജൻ അറിയിച്ചു.

✪✪✪

ഉരുൾപൊട്ടലുണ്ടായ വടകര വിലങ്ങാട് മന്ത്രി എ.കെ.ശശീന്ദ്രൻ ഇന്ന് സന്ദർശിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച നടത്തും.

✪✪✪

പൗരന്മാരിൽ ദേശസ്നേഹം വളർത്തുന്നതിന് രാജ്യത്ത് ഇന്ന് മുതൽ സ്വാതന്ത്ര്യദിനം വരെ ഹർഘർ തിരംഗ കാമ്പയിൻ ആഘോഷിക്കും. വീടുകളിൽ ദേശീയപതാക ഉയർത്തി സെൽഫി എടുത്ത് ഹർ ഘർ തിരംഗ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ജനങ്ങളോട് അഭ്യർത്ഥിച്ചു.

രാജ്യത്തുടനീളം ഇരുനൂറിലധികം സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ധനകാര്യ , ധനവിനിയോഗ ബില്ലുകൾ പാർലമെന്റ് പാസാക്കി. നേരത്തെ ലോക്സഭ പാസാക്കിയ ബില്ലുകൾ രാജ്യസഭയും അംഗീകരിക്കുകയായിരുന്നു. ഇതോടെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് നടപടികൾ പാർലമെന്റ് പൂർത്തിയാക്കി.

✪✪✪

ബംഗ്ലാദേശിൽ നൊബേൽ സമ്മാന ജേതാവ് പ്രൊഫസർ മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് അധികാരമേറ്റു. പ്രസിഡണ്ട് മുഹമ്മദ് ഷഹാബുദ്ദീൻ ഇന്നലെ വൈകിട്ട് ധാക്കയിലെ ബംഗഭബനിൽ നടന്ന ചടങ്ങിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

പ്രൊഫസർ മുഹമ്മദ് യൂനസിനെ അഭിനന്ദിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് എല്ലാ ആശംസകളും നേർന്നു.

✪✪✪

ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ഇന്ന് തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനമായി ആചരിക്കുന്നു. ഇന്ത്യയിൽ ഈ ദിവസം ഗോത്രവർഗ്ഗ ദിനമായാണ് ആചരിക്കുന്നത്. അന്യം നിന്നു പോകുന്ന പരമ്പരാഗത സമൂഹം നേരിടുന്ന പ്രശ്നങ്ങൾ സഗൗരവം പരിശോധിച്ച്, പരിഹരിക്കുന്നതിനാണ് ദിനാചരണം. തദ്ദേശീയ ജന വിഭാഗത്തിന്റെ സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായ സവിശേഷത അംഗീകരിച്ച്, വികസന മാർഗങ്ങൾ കണ്ടെത്തേണ്ടതിന്റെ പ്രാധാന്യമാണ് ദിനം ഓർമ്മിപ്പിക്കുന്നത്.

സംസ്ഥാനതല ഉദ്ഘാടനം രാവിലെ തിരുവനന്തപുരം പെരിങ്ങമലയിൽ മന്ത്രി ഒ.ആർ കേളു നിർവഹിക്കും. തദേശീയ ജനതയുടെ അന്തർദേശീയ ദിന സന്ദേശം ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകും.

ഡോ അംബേദ്കർ ജനമഹാ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ദിനാചരണ സദസ്സ് കോഴിക്കോട് ചേളന്നൂരിൽ സംഘടിപ്പിക്കും.

✪✪✪

മലപ്പുറം ജില്ലയിലെ വണ്ടൂർ, പെരിന്തൽമണ്ണ, കുറ്റിപ്പുറം, എടപ്പാൾ, തവനൂർ,പൊന്നാനി മേഖലകളിൽ H1-N1 രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ R രേണുക അറിയിച്ചു.

വായുവിലൂടെ പകരുന്ന ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി എല്ലാ വിദ്യാർഥികളും നിർബന്ധമായും മാസ്ക് ധരിക്കണമെന്നും DMO പറഞ്ഞു. ഗർഭിണികൾ, ചെറിയ കുട്ടികൾ, പ്രായമായവർ, മറ്റ് രോഗികൾ രോഗലക്ഷണങ്ങൾ കണ്ടാലുടൻ ചികിത്സ തേടണം.

വായുവിലൂടെ പകരുന്ന അസുഖം ആയതിനാൽ മാസ്ക് ധരിക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കുമെന്നും DMO അറിയിച്ചു.

✪✪✪

**സംസ്ഥാനത്ത് പൊലീസ് തലപ്പത്ത് അഴിച്ചുപണി. ബീവറേജസ് കോർപ്പറേഷൻ MD , ADGP യോഗേഷ് ഗുപ്തയെ വിജിലൻസ് ഡയറക്ടറായി നിയമിച്ചു. I.G ഹർഷിത അട്ടല്ലൂരിയാണ് ബീവറേജസ് കോർപ്പറേഷന്റെ പുതിയ M.D.**

**ട്രാൻസ്പോർട്ട് കമ്മീഷണർ ADGP എസ്.ശ്രീജിത്തിനെ പോലീസ് ആസ്ഥാനത്തേക്ക് മാറ്റി. എറണാകുളം ക്രൈംബ്രാഞ്ച് I.G A.അക്ബറാണ് പുതിയ ട്രാൻസ്പോർട്ട് കമ്മീഷണർ.**

**പൊലീസ് ഹൗസിങ് കോർപ്പറേഷന്റെ M.D യായിരുന്ന ചക്കിലം നാഗരാജുവിനെ തിരുവനന്തപുരം ക്രൈംബ്രാഞ്ച് I.G യായി നിയോഗിച്ചു. ജെ. ജയന്തിനാണ് പോലീസ് ഹൗസിംങ് കോർപ്പറേഷന്റെ ചുമതല. S അജിതാ ബീഗത്തിനെ തിരുവനന്തപുരം റേഞ്ച് DIG ആയും തോംസൺ ജോസിനെ തൃശൂർ റേഞ്ച് DIG യായും മാറ്റി നിയമിച്ചു.**

✪✪✪

**കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പ്രസിദ്ധീകരിച്ച അടുത്ത വർഷത്തെ പുതിയ ഹജ്ജ് നയം മന്ത്രി V.അബ്ദുറഹിമാന്റെ അധ്യക്ഷതയിൽ മലപ്പുറത്ത് ചേർന്ന അവലോകന യോഗം ചർച്ച ചെയ്തു. സംവരണ വിഭാഗത്തിന്റെ വയസ്സ് എഴുപതിൽ നിന്ന് 65 ആക്കിയതിൽ യോഗം സന്തുഷ്ടി പ്രകടിപ്പിച്ചു. നയം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കേന്ദ്രത്തിന് അയക്കാനും യോഗം തീരുമാനിച്ചു.**

✪✪✪

**റെയ്ഡ്കോ ഫുഡ്സ് വെബ്സൈറ്റ്, റെയ്ഡ്കോ പുരപ്പുറ സോളാർ എന്നിവയുടെ ഉദ്ഘാടനം കണ്ണൂരിൽ മന്ത്രി V.N വാസവൻ നിർവഹിച്ചു. നൂതനസങ്കേതിക വിദ്യയുടെയും വിവരസാങ്കേതികവിദ്യയുടെയും അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി ലോകം കുതിച്ചു പായുമ്പോൾ അതിന് അനിവാര്യമായ മാറ്റങ്ങൾ നടപ്പിലാക്കിയ റെയ്ഡ്കോയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു.**

✪✪✪

**എല്ലാകാര്യത്തിലും മുന്നിലെന്ന് പറയുന്ന കേരളത്തിൽ 2016 ന് ശേഷം ദുരന്ത നിവാരണ പദ്ധതി നവീകരിച്ചിട്ടില്ലെന്നും സമഗ്രമായ ദുരന്ത പുനരധിവാസ പദ്ധതി റിപ്പോർട്ട് ഗവൺമെന്റിന് ഉടൻ സമർപ്പിക്കുമെന്നും പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു.**

കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇന്റസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കേരളത്തിലെ പുനരധിവാസവും സുസ്ഥിര വികസനവും' ചർച്ച കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എട്ട് കൊല്ലത്തിന് ശേഷം ലോകത്ത് സാങ്കേതിക വിദ്യയും ദുരന്ത നിവാരണ രീതികളും ഏറെ മാറിയിട്ടും കേരളത്തിൽ ദുരന്ത നിവാരണ പദ്ധതി മാറിയിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. ദുരന്തമുണ്ടായ വയനാടടക്കം പ്രദേശങ്ങളിൽ ഓരോ കുടുംബത്തിനും അവർക്കുതകുന്ന പാക്കേജുണ്ടാവണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് കോൺഗ്രസ് പ്രവർത്തകർ ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം ആചരിക്കും. KPCC യുടെ ആഭിമുഖ്യത്തിൽ -ക്വിറ്റ് ഇന്ത്യാ അനുസ്മരണം- രാവിലെ തിരുവനന്തപുരത്ത് ഇന്ദിരാഭവനിൽ കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

✪✪✪